## പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 2096** — **22.01.2014 -ലെ മറുപടിക്ക്**

### പന്തിരിക്കര പെൺവാണിഭക്കേസ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി. കെ.കെ. ലതിക** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന പന്തിരിക്കര പെൺവാണിഭക്കേസ് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) 07.11.2013 തീയതി പീഡനത്തിനിരയായ പെൺകുട്ടിയുടെ പരാതി പ്രകാരം പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ ക്രൈം 337/13 u/s 366(A), 376, 354, 506 r/w 34 IPC and Sec. 4, 6, 12 and 17 of POCSO Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് എ.ഡി.ജി.പി. ഡോ. സന്ധ്യ ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം അന്വേഷിച്ചുവരുന്നു. ടി കേസിലെ പരാതിക്കാരിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 251/13 കേസ്സിലെ സംഭവത്തിൽ തൂങ്ങി മരിച്ച പെൺകുട്ടി, ക്രൈം നമ്പർ 337/13 കേസിലെ പ്രതികളുടെ പ്രേരണ മൂലമാണ് ആത്മഹത്യ ചെയ്തത് എന്നു പറഞ്ഞപ്രകാരം ടി കേസ്സിലെ വകുപ്പ് 174 Cr.PC മാറ്റി പകരം 305 r/w 34 IPC ആക്കിയും കേസിലെ അന്വേഷണം പ്രത്യേക അന്വേഷണ സംഘം നടത്തി വരുന്നതാണ്. |
| (ബി) പ്രസ്തുത കേസ് അന്വേഷണത്തിന് പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ടോ എന്നും സംഘത്തിലെ അംഗങ്ങൾ ആരെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) ഉണ്ട്. എ.ഡി.ജി.പി. ഡോ: സന്ധ്യ ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ (1) ശ്രീമതി നിശാന്തിനി ഐ.പി.എസ്. (എ.ഐ.ജി., പി.എച്ച്.ക്യു), (2) യതീഷ് ചന്ദ്ര ഐ.പി.എസ്.(എ.എസ്.പി.വടകര) (3) ഗോപാലകൃഷ്ണൻ. എം.കെ. (ഡി.വൈ.എസ്.പി. നാദാപുരം കൺട്രോൾ റൂം) (4) മോഹന ചന്ദ്രൻ (ഡി.വൈ.എസ്.പി. സി.ബി.സി.ഐ.ഡി. മലപ്പുറം) എന്നിവർ അംഗങ്ങളായി പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രത്യേക അന്വേഷണ സംഘം ആരെയെങ്കിലും ചോദ്യം ചെയ്യുകയോ അറസ്റ്റു ചെയ്യുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | പ്രത്യേക അന്വേഷണ സംഘം ക്രൈം 337/13 കേസിൽ പരാതിക്കാരിയെയും ബന്ധുക്കളെയും മറ്റ് 60-ൽ പരം സാക്ഷികളെയും, ക്രൈം 251/13 കേസിൽ മരണപ്പെട്ട പെൺകുട്ടിയുടെ പിതാവിനെയും ബന്ധുക്കളെയും മറ്റ് 90ൽ പരം സാക്ഷികളെയും ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക അന്വേഷണ സംഘം ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (ഡി) | പ്രതികൾക്കെതിരെ സമയബന്ധിതമായി കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതിന് അന്വേഷണ സംഘം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | ക്രൈം 337/13 കേസിലെ പരാതിക്കാരിയുടെയും പ്രതികളുടെയും മറ്റും ഫോൺ നമ്പരുകളുടെ സി.ഡി.ആർ. പരിശോധിച്ചും ടവർ ലൊക്കേഷൻ മനസ്സിലാക്കിയും ബന്തവസിലെടുത്ത മൊബൈൽഫോണുകളുടെ എഫ്.എസ്.എൽ. പരിശോധന നടത്തി റിപ്പോർട്ട് വാങ്ങിയും, കൂടുതൽ സാക്ഷികളെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയും ക്രൈം 251/13 കേസിൽ മരണപ്പെട്ട പെൺകുട്ടി ഉപയോഗിക്കാൻ ഇടയുള്ള ഫോണുകളുടെ സി.ഡി.ആർ., പോസ്റ്റ്മോർട്ടം റിപ്പോർട്ട്, രാസ പരിശോധനാ റിപ്പോർട്ട് എന്നിവ പരിശോധിച്ചും കൂടുതൽ സാക്ഷികളെ ചോദ്യം ചെയ്തും മൊഴി രേഖപ്പെടുത്തിയും ഈ കേസുകളുടെ കുറ്റപത്രം സമർപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**